# അമ്പലനടയിൽ

എം. സ്നേഹപ്രഭ, I M

എത്രനേരമായ് ഞാനീ-
യമ്പലമുററത്തെത്തി
യിഷ്ടദേവനെക്കാത്തു
തൊഴുതു നിന്നീടുന്നു !
എന്നുമീനേരം തിരു
ദർശനമുഹൂർത്തമേ
ഇന്നല്പം വൈകി ഞാന-
തല്ലലായ് ഭവിയ്ക്കുമോ ?
അന്യരെത്തുന്നു വെറും
പ്രതിമാർച്ചനത്തിന്നായ്
അങ്ങയെയർച്ചിയ്ക്കുവാൻ
ഞാനുമിങ്ങെത്തീടുന്നു !
നിത്യവുമങ്ങേകുന്ന
പുഞ്ചിരിപ്പൂവും തേടി
യാർത്തരായലയുന്നു
കണ്ണിണക്കാർവണ്ടുകൾ !

*　　　　*　　　　*

കഴിഞ്ഞിതുഷഃപൂജ,
കൊച്ചനുജത്തിയ്ക്കുണ്ടായ്
കലർപ്പററാഹ്ലാദ,മാ-
പ്രസാദം നുകരാലോ !
ഇത്രനേരവും ചുററീ
യമ്പലം വീണ്ടും വീണ്ടും
എത്രയായ് പ്രദക്ഷിണ-
മമ്മുവും ചോദിയ്ക്കുന്നു !
മടങ്ങട്ടെ ഞാൻ ചാരു
ദർശനം ലഭിക്കാതെ
യൊടുങ്ങാമോഹങ്ങൾ തൻ
പൂജാപുഷ്പവുമേന്തി !

# അന്വേഷണം

എം. വേണുഗോപാൽ, III B. Sc.

പതറാത്ത ചിന്തയോടെ, പറയാനാവാത്ത മോഹത്തോടെ, പഠിക്കാനുള്ള അത്യാഗ്രഹത്തോടെ ഞാൻ നിന്നെയും, തേടിത്തേടിയലയുന്നു.

നീ എവിടെയാണെന്ന് എനിക്ക് പറഞ്ഞുതരൂ. ഞാൻ നിന്നെത്തേടിയലയാത്ത സ്ഥലങ്ങളില്ല. ഞാൻ അന്വേഷിക്കാത്തവരാരുമില്ല. പക്ഷെ ആരും നിന്നെ കണ്ടിട്ടില്ല. പക്ഷെ എനിക്കു നിന്നെ കാണണം. നീയാരാണെന്നെനിക്കറിയണം. അതിനു ഞാൻ നിന്നെ എവിടെയെല്ലാം തേടിയെന്നോ!

ആർത്തിരമ്പുന്ന ആഴിപ്പരപ്പിൽ,
പതയുന്ന ആററിന്റെ നീർച്ചുഴികളിൽ,
അത്യുഗ്രങ്ങളായ മണലാരണ്യങ്ങളിൽ
പ്രകാശം പരക്കാത്ത ഘോരവനങ്ങളിൽ.

അങ്ങിനെ പലയിടത്തും. പക്ഷെ നിന്നെ ഞാൻ കണ്ടില്ല. അടങ്ങാത്ത ആഗ്രഹത്തോടെ, അത്യുൽക്കടമായ തപസ്സോടെ, അത്യധികമായ ആവേശത്തോടെ, അത്യുഗ്രമായ പരിശ്രമത്തോടെ, ഞാൻ വീണ്ടും നിന്നെത്തിരഞ്ഞു. ഞാൻ ചെന്നെത്തിയതെവിടെയാണെന്നോ?

മുല്ലപ്പൂവിന്റെ മാദകസുഗന്ധത്തിൽ
മൂവന്തിമേഘത്തിന്റെ മുഗ്ദ്ധമായ തുടുപ്പിൽ!
പാറിപ്പറക്കുന്ന വെള്ളിമേഘങ്ങളിൽ!
പാടിപ്പറക്കുന്ന പറവകളുടെ കളഗാനത്തിൽ!
മിന്നിപ്രകാശിക്കുന്ന നക്ഷത്രഗോളങ്ങളിൽ!

ഞാൻ നിന്നെ പിന്നെയും തിരഞ്ഞു.

എവിടെ?

പാലൊളിപ്പൂനിലാവിന്റെ മായാപ്രപഞ്ചത്തിൽ
തെളിയുന്ന നഭോമണ്ഡലത്തിന്റെ
പ്രശാന്തതയിൽ
പാടുന്ന പുഴയുടെ കൊച്ചോളങ്ങളിൽ
നിശീഥിനിയുടെ കറുത്ത മറയ്ക്കുള്ളിൽ.

പക്ഷെ ഞാൻ നിന്നെ കണ്ടില്ല. ഞാൻ നിന്നെത്തേടിയലയാത്ത ലോകമില്ല. ഞാൻ നിന്റെ വരവുംകാത്തിരിക്കുന്നു.

വർഷങ്ങളുടെ നീണ്ട ഘോഷയാത്ര ഞാനെത്ര
നോക്കിനിന്നു.
കാർമുകിൽമാലകൾ പെയ്തുതീരുന്നതെത്ര
ഞാൻ കണ്ടുനിന്നു.
മഞ്ഞിന്റെ മൂടിപ്പുതപ്പിൽ ഞാനെത്ര
എഴുന്നേററിരുന്നു.
വേനലിന്റെ പെരുംചൂടിൽ ഞാനെത്ര
ദാഹിച്ചിരുന്നു.

നിന്നെയും തേടി, നിന്നെയും ഓർത്തോർത്ത് ഞാനെത്ര ദിനരാത്രങ്ങൾ കാത്തിരുന്നു. ഇനിയും നീ വന്നില്ല. നിന്നെക്കുറിച്ചുള്ള ഓർമ്മകൾമാത്രം എന്നിലവശേഷിച്ചപ്പോൾ ഞാൻ നിന്നെ പലതിലും കാണാൻ തുടങ്ങി. എവിടെയൊക്കെയാണെന്നോ?

തൂമണം തൂകുന്ന റോസാച്ചെടികളിൽ
തൂമഞ്ഞേററുവിടരുന്ന വാരുററ ചെമ്പകമലരിൽ
പാറിപ്പറക്കുന്ന പൂമ്പാററകളിൽ
പാടാൻ പഠിക്കുന്ന പറവകളിൽ
പിറക്കുന്ന ശിശുവിന്റെ ദീനരോദനത്തിൽ
പറയാൻ വയ്യാത്ത സ്നേഹവായ്പിൽ.

പിന്നേയും.

കാമുകീകാമുകന്മാരുടെ കടക്കണ്ണേകാണുകളിൽ
അഴിഞ്ഞാടുന്ന ദേവദാസിയുടെ മാത്തടത്തിൽ
അവശേഷിയ്ക്കുന്ന ജഡത്തിൽ,
അറിയാത്ത മായാജാലത്തിൽ.

അങ്ങിനെ പലതിലും

പക്ഷെ ഞാൻ നിന്നെ വീണ്ടും തിരഞ്ഞു.

എന്തിനു് ?

നിന്നെ ഒന്നു കാണാൻ
നിൻെറ കാൽച്ചിലമ്പൊലിയൊന്നു
കേൾക്കാൻ,
നിൻെറ പ്രഭാപൂരമൊന്നു് ഏല്ക്കാൻ.
നിന്നാത്മഗീതമൊന്നു മുകരാൻ.

പക്ഷെ ഞാൻ കണ്ടില്ല.
എന്നാൽ ഞാൻ കണ്ടു.

എവിടെ ?

പരമാണുവിൻെറ പരമപ്രകാശത്തിൽ
പരബ്രഹ്മത്തിൻെറ മായാജാലത്തിൽ
പറയാൻ വയ്യാത്ത ദിവ്യാനുഭൂതിയിൽ
പാടാൻ വയ്യാത്ത ദിവ്യഗാനത്തിൽ

അങ്ങിനെ ഞാൻ നിന്നെ കണ്ടു.

നീ അവിടെയാണു്.
ഇവിടെത്തന്നെ.
എന്നിൽത്തന്നെ.

അങ്ങിനെ ഞാൻ നിന്നെ അന്വേ_
കണ്ടെത്തി.

# എന്റെ കവിത

എം. കെ. സ്നേഹപ്രഭ, III B. A.

ആയിരം സങ്കല്പരേഖകളിട്ടുനിൻ
രൂപം വരച്ചു ശിഥിലമാം ഹൃത്തിൽഞാൻ
രാവും പകലും പലവിധം ചായങ്ങ-
ളാവുന്നമട്ടു ചാലിച്ചുതേച്ചങ്ങിനെ
പാവനസ്നേഹത്തിൽനിന്നുദിക്കുംകാവ്യ-
ദേവതേ! നിൻമുഖമൊട്ടുഞാൻ കാൺകവെ!
ധന്യയാണെങ്കിലും ഭാവവൈചിത്ര്യങ്ങ-
ളൊന്നും പ്രതിഫലിച്ചില്ലതിൽ വ്യക്തമായ്
മഞ്ഞണിമാമലത്തോപ്പും നദികളും
പൊന്നണിഞ്ഞെത്തും വസന്തവുമങ്ങിനെ
സന്ധ്യയും പൌർണ്ണമിരാവും പ്രഭാതവും
അന്ധയായേറെപ്പകർത്തിയെന്നാകിലും
ജീവിതസത്യത്തിലൂളിയിട്ടോടുന്ന
കേവലം രൂപമെമ്മട്ടുവരപ്പുഞാൻ
സ്വർഗ്ഗവുമാകാശഗംഗയും പിന്നിട്ടു
സർഗ്ഗവീര്യത്തിനാലാവിഷ്കരിക്കുവാൻ
സങ്കല്പമെല്ലാം വെടിഞ്ഞിനി വേപ്പിനാൽ
കർമ്മത്തിൽ നിൻതനിരൂപം വരക്കുവാൻ
വെമ്പിടുമെന്നിൽ കനിയുക വാനമേ
കമ്പിതചിന്തയിൽനിന്നുണരുന്നു ഞാൻ.

# നിർവൃതി പകരൂ!

കെ. ഹംസ, I ബി. എ.

നിഷ്കളങ്കസ്നേഹത്തിന്റെ മധുരഗീതവും പാടി
പൂന്തോപ്പുകൾ തോറും തുള്ളിനടക്കുന്ന
പട്ടുടുപ്പിട്ട പൂമ്പാറ്റകളേ,
ജീവിതത്തിന്റെ തിക്താനുഭവങ്ങളിലൂടെ
കദനവും പേറി കടന്നുപോകുന്ന
ഈ ആത്മാവിന്നിത്തിരി നിർവൃതി പകരൂ !

ഉജ്ജലപ്രേമത്തിന്റെ പ്രതീകംപോലെ
മനോഹരമായ കവിളുകളിൽ മഴവില്ലുചാർത്തി
പുഞ്ചിരി പൊഴിച്ചുകൊണ്ടു നില്ക്കുന്ന കൊച്ചുപൂവുകളേ,
ചിന്തയുടെ മുൾപടപ്പിലൂടെ
ആശ്വാസത്തിന്നുവേണ്ടി പരക്കംപായുന്ന
ഈ ഹൃദയത്തിന്നിത്തിരി നിർവൃതി പകരൂ !

സൌമനസ്യത്തിന്റെ സംഗീതവും പാടി
ചോലകളിലൂടെ പൊട്ടിച്ചിരിച്ചോടിപോകുന്ന
കുസൃതികളായ കൊച്ചരുവികളേ,
ജീവിതത്തിന്റെ വഴിത്തിരിവിൽ
സ്നേഹത്തിന്നുവേണ്ടി കേഴുന്ന
ഈ വേഴാമ്പലിനിത്തിരി നിർവൃതി പകരൂ !

ദിവ്യപ്രേമത്തിന്റെ പ്രതീകമെന്നോണം
നിഷ്കളങ്കത തുളുമ്പുന്ന കവിളുകളിൽ കവിതരചിച്ചു
ഓടിനടക്കുന്ന കൊച്ചുകുട്ടികളേ,
ആഗ്രഹാഭിലാഷങ്ങളുടെ ഊടുപാതകളിൽ
അല്പം സംതൃപ്തിയ്ക്കുവേണ്ടി ഉഴറിനടക്കുന്ന
ഈ മനസ്സിന്നിത്തിരി നിർവൃതി പകരൂ !

# സന്ധ്യാംബരം

ബഷീറദ്ദീൻ എ., II B. A.

ആകാശദേവാലയനടയിൽ
സന്ധ്യയാം സുന്ദരി വാരിത്തൂകിയ
സിന്ദൂരവർണ്ണങ്ങളേ
(ആകാശ . . . .)

മാനത്തിൻമുററത്ത് പൂനിലാവിൽ
നീലസാഗരതീരത്തിൽ
സംഗീയവീണമീട്ടി സുന്ദരമധുരമായ്
സപ്തസ്വരങ്ങളുതിർത്തിടും കന്യകളേ
(ആകാശ . . . .)

അന്നോളമിന്നോളം സങ്കല്പസൌധത്തിൽ
ചിരിച്ചുകളിച്ചവർ നിങ്ങൾ
ശ്യാമസുന്ദരമേഘങ്ങൾക്കൊപ്പം
നൃത്തം വെയ്ക്കൂ വീണ്ടും
(ആകാശ . . . .)

# യുദ്ധം

പവിത്രൻ എ. പി., II P. D. C.

ഇരുളിൻ തിരതിങ്ങും
പ്രകാരമദ്ധ്യത്തിങ്കൽ
ഇരിപ്പുണ്ടൊരു മന്നൻ
ദ്രോഹത്തിൻമഹാമൂർത്തി.
തൻപ്രജാസഞ്ചയത്തെ
ബന്ധിപ്പാൻ പുതുതായ
ചങ്ങല നിർമ്മിക്കുന്ന
ജോലിയാണയാൾക്കെന്നും.
അവരോ തമ്മിൽത്തമ്മിൽ
ദീർഘകാലമായ് പോർചെ-
യ്തവശരായി പ്രജ്ഞാ-
ഹീനരായ് കിടക്കയാം.
അറിവിൻ പ്രകാശത്തെ
നാലു ഭാഗവും വീശി
തരുണൻ യോദ്ധാവേകൻ
ദിഗ്ജയം തുടങ്ങവെ.
മുന്നിലായ്ക്കണ്ടമേഘ
ചുംബിയാം പ്രാകാരത്തെ
നിർന്നിമേഷനായ്നോക്കി-
നിന്നുപോയല്പംനേരം.
അങ്ങതാ യുവയോദ്ധാ-
വസ്ത്രങ്ങൾ തൊടുക്കുന്നു
പിന്നാലെ ഭടവ്യൂഹം
പാഞ്ഞുപാഞ്ഞണയുന്നു.
വമ്പിച്ച വിടവതാ
കോട്ടമേൽ ; അതിൽക്കൂടി
വല്ലാത്ത വെളിച്ചത്തിൻ
വീചികൾ തള്ളിക്കേറി.
ദീർഘകാലമായ് കാത്തു
രക്ഷിയ്ക്കുമിരുളിനെ
ചിക്കെന്നീവെളിച്ചംവ-
ന്നാക്രമിച്ചതു കാൺകെ.
അരചൻ ഭയപ്പെട്ടു,
പ്രാകാരപ്പിളപ്പിങ്കൽ
പഴഞ്ചൻ ഗ്രന്ഥങ്ങളെ
കെട്ടുകെട്ടായിത്തള്ളി.
കഠിനപ്രകാശത്തിൻ
നാളമൊന്നേററപ്പോഴേ-
യ്ക്കെരിചാമ്പലായെല്ലാം
മണ്ണടിഞ്ഞതന്നേവേണ്ടു.
ആക്രമിച്ചതു ശാസ്ത്രം,
തോററതു മതം, ശീഘ്രം
മേൽക്കുമേൽ ജയഭേരി
മുഴക്കാം നമ്മൾക്കെല്ലാം.